**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 944** **10-08-2023 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് പദ്ധതി പ്രകാരം അനുവദിച്ച വീടുകളുടെ നിർമ്മാണം തുക തികയാത്തത് മൂലം പാതിവഴിയിൽ നിലച്ച സ്ഥിതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുക 6 ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വീടുകളുടെ നിർമ്മാണം യഥാസമയം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട വീടുകളുടെ നിർമ്മാണ പുരോഗതി തദ്ദേശ സ്വയം ഭരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മോണിറ്റർ ചെയ്യുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും, പട്ടികവർഗ്ഗ പ്രൊമോട്ടർമാരും, Accredited Engineer മാരും വീടുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നുണ്ട്. |
| (സി) | ഏറനാട് മണ്ഡലത്തിലെ പാലക്കയം, വെറ്റിലക്കൊല്ലി, പ്ലാക്കൽചോല എന്നീ ആദിവാസി കോളനികളിൽ ആർക്കെല്ലാമാണ് പ്രസ്തുത പദ്ധതി പ്രകാരം വീട് അനുവദിച്ചിരുന്നതെന്നും, എത്ര തുകയാണ് അനുവദിച്ചിരുന്നതെന്നും അവയിൽ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ബാക്കി എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ ; | (സി) | ഏറനാട് മണ്ഡലത്തിലെ പാലക്കയം, വെറ്റിലക്കൊല്ലി, പ്ലാക്കൽചോല എന്നീ കോളനികളിൽ 2 ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ധനസഹായം അനുവദിച്ചിരുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. |

| **ഗുണഭോക്താവ്** | **അനുവദിച്ച തുക** | **നിലവിലെ അവസ്ഥ** |
|---|---|---|
| ശ്രീ.വിനോദ് കുമാർ<br>S/o രാഘവൻ<br>പാലക്കയം കോളനി<br>ഇടിവണ്ണ പി.ഒ<br>ചാലിയാർ | 1,00,000/- രൂപ | നിർമ്മാണം പൂർത്തീകരിച്ചു. |

| | | |
|---|---|---|
| ശ്രീ.ചന്ദ്രൻ ചെറിയ പെരകൻ<br><br>പ്ലാക്കൽ ചോല കോളനി<br><br>ചാലിയാർ | 50,000/- രൂപ | നിർമ്മാണം പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| (ഡി) | ഭൂരഹിതരോ ഭവനരഹിതരോ ആയ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും ഭവനവും നൽകുന്നതിനായി ലൈഫ് പദ്ധതി കൂടാതെ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതി കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നിവയിലൂടെ ഭൂമി ലഭ്യമാക്കുകയും പ്രസ്തുത ഭൂമിയിൽ ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. കൂടാതെ വനാവകാശ നിയമ പ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖയും നൽകുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 218 പേർക്ക് 41.12 ഏക്കർ ഭൂമിയും, നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതി പ്രകാരം 117 പേർക്ക് 52.20 ഏക്കർ ഭൂമിയും വിതരണം ചെയ്യുകയും 144 പേർക്ക് വീട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനാവകാശ നിയമ പ്രകാരം 2302 പേർക്ക് 2617.21 ഏക്കർ ഭൂമിക്ക് കൈവശാവകാശരേഖയും വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ